# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **508** | 24.01.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക സേവന നികതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.റ്റി.വി.രാജേഷ്<br>,, എം. സ്വരാജ്<br>,, കാരാട്ട് റസാഖ്<br>,, പി. ഉണ്ണി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ചരക്ക സേവന നികതി സംസ്ഥാന ചട്ടപ്രകാരം കൊള്ളലാഭമെടുപ്പ തടയുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | ജി.എസ്.ടി യുടെ മറവിൽ കൊള്ളലാഭം തടയുന്നതിന്റെ ഭാഗമായി ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. ജി.എസ്.ടി നടപ്പിലായ ആദ്യ മാസത്തിൽ തന്നെ കേരളം ഈ പ്രശ്നം ഗൗരവമായി എടുക്കുകയും ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ നടന്ന 25-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലും സംസ്ഥാനം ഈ പ്രശ്നം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. കൂടാതെ കേരളം ഇതിനകം തന്നെ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത 335 ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. 15.11.2017 മുതൽ പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും വിവരം ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ചട്ടപ്രകാരം ആന്റി പ്രോഫിറ്റിംഗ് അതോറിറ്റിക്കും സ്ക്രീനിംഗ് കമ്മിറ്റിക്കും ഉള്ള അധികാരങ്ങൾ എന്തൊക്കെയാണ്; നടപടി ക്രമങ്ങൾ വിശദമാക്കാമോ; | (ബി) | ജി.എസ്.ടിയിൽ ചരക്ക സേവനങ്ങളുടെ ടാക്സ് റേറ്റിൽ ഉണ്ടായ കുറവ് ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോ എന്ന് തീരുമാനിക്കുന്നതിനും അങ്ങനെ കൈമാറാത്തവരെ കണ്ടെത്തുന്നതിനും ആന്റിപ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് അധികാരമുണ്ട്. ഇങ്ങനെ കണ്ടുപിടിക്കപ്പെട്ട കേസുകളിൽ വില കുറയ്ക്കുന്നതിനും അധികമായി ഈടാക്കിയ തുക 18% പലിശ നിരക്കിൽ ഉപഭോക്താവിന് തിരികെ നൽകുന്നതിന് ഉത്തരവിടുന്നതിനും, തിരികെ നൽകാത്ത പക്ഷം റിക്കവറി നടപടികൾ നടത്തുന്നതിന് ഉത്തരവിടുന്നതിനും ആന്റിപ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് അധികാരമുണ്ട്. കുറ്റക്കാർക്കുമേൽ പിഴ ചുമത്തുന്നതിനും രജിസ്ട്രേഷൻ റദ്ദാക്കുന്നതിനും ഉത്തരവിടാൻ ആന്റിപ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് അധികാരമുണ്ട്.<br>സ്റ്റേറ്റ് ലെവൽ സ്ക്രീനിംഗ് കമ്മിറ്റി പൊതുജനങ്ങളിൽ നിന്നും മററും ലഭിക്കുന്ന പരാതികൾ സൂക്ഷ്മ പരിശോധന നടത്തുകയും പരാതിയിൽ കഴമ്പുണ്ടെന്ന് കാണുന്ന പക്ഷം നിർദ്ദേശങ്ങളോടുകൂടി തുടർ നടപടികൾക്കായി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നു. |
| (സി) | നിയമപരമായി ഉല്പന്നങ്ങളുടെ നിർമ്മാണ വില വെളിപ്പെടുത്തേണ്ടതില്ലാത്തതിനാലും ലാഭ പരിധി നിജപ്പെടുത്തിയിട്ടില്ലാത്തതിനാലും അമിത ലാഭം കണ്ടെത്താനുള്ള മാനദണ്ഡം എന്താണ്; | (സി) | അമിതലാഭം നിർണ്ണയിക്കുവാനുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കേണ്ടത് കേന്ദ്രം രൂപീകരിച്ച ആന്റിപ്രോഫിറ്റീറിംഗ് അതോറിറ്റിയാണ്. ഈ മാനദണ്ഡങ്ങൾ ആന്റിപ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടില്ല. ഇത് സംബന്ധമായ പരാതി കേരളം 25- ാം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചിട്ടുണ്ട് . |
| (ഡി) | സമിതികളുടെ പ്രവർത്തനം ഫലപ്രദമായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; നികുതി പിരിക്കാൻ അവകാശമില്ലാത്ത രജിസ്റ്റർ ചെയ്യാത്ത വ്യാപാരികളും കോമ്പൗണ്ടിങ് സമ്പ്രദായം സ്വീകരിച്ചവരും വിലയിൽ വർദ്ധനവു വരുത്തി അമിത ലാഭം ഈടാക്കുന്നതു | (ഡി) | സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. നികുതി പിരിക്കുവാൻ അധികാരമില്ലാത്ത വ്യാപാരികൾ, നികുതിയുടെ പേരിൽ വില വർധിപ്പിക്കുവാൻ പാടില്ലാത്തതാണ്. സംസ്ഥാനത്തെ കടകളിൽ നിന്നും വ്യാപകമായി ബില്ലുകൾ ശേഖരിക്കുകയും കോമ്പൗണ്ടിംഗ് രീതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് നികുതി പിരിക്കാൻ |

| | | | |
|---|---|---|---|
| | തടയാൻ സാധ്യമാണോ;വിശദമാക്കാമോ? | | അവകാശം ഇല്ല എന്ന ബോധവത്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. കച്ചവടക്കാരുടെ രജിസ്ട്രേഷൻ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിയുന്നതിനായി മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ട്. മാസ് മീഡിയ വഴിയും ഇതിനുവേണ്ട ബോധവത്കരണം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ